**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 967** **06-10-2021 - ൽ മറുപടിയ്ക്ക്**

**ചെല്ലൻകാവ് മിനിഡാം പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം പുനർനിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | ചെല്ലൻകാവ് മിനിഡാമിന്റെ പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് 4 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക യുണ്ടായി. എന്നാൽ ഏരി നിലകൊള്ളുന്ന സ്ഥലത്തെ ഉടമസ്ഥാവകാശം സംബ ന്ധിച്ചുള്ള പരിശോധനയിൽ ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥത യിലാണ് നിലവിലുള്ളത് എന്ന് പുതുശ്ശേരി സെൻട്രൽ വില്ലേജ് ഓഫീസിൽ നിന്നും അറിഞ്ഞതിനെത്തുടർന്ന് പാലക്കാട് തഹസീൽദാരുമായി ബന്ധപ്പെടുകയും, തഹസിൽദാർ പുതുശ്ശേരി സെൻട്രൽ വില്ലേജ് ഓഫീസറോട് ഏരിയുടെ നിലവിലെ കൈവശക്കാരുടെയും, ഉടമസ്ഥരുടെയും പേരു വിവരങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുമുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായതിനു ശേഷം ഏരിയുടെ ഉടമസ്ഥാവകാശം ജലസേചന വകപ്പിന്റേതാണെന്ന് വ്യക്തമാകുന്ന പക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് എന്ന് ഭരണാനുമതി നൽകുവാൻ കഴിയും എന്ന് അറിയിക്കാമോ? | (ബി) | ചെല്ലൻകാവ് മിനിഡാമിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് 4 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക യുണ്ടായി. എന്നാൽ ഏരി നിലകൊള്ളുന്ന സ്ഥലത്തെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള പരിശോധനയിൽ ഒരു സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലാണ് നിലവിലുള്ളത് എന്ന് പുതുശ്ശേരി സെൻട്രൽ വില്ലേജ് ഓഫീസിൽ നിന്നും അറിഞ്ഞതിനെ ത്തുടർന്ന് പാലക്കാട് തഹസീൽദാരുമായി ബന്ധപ്പെടുകയും, തഹസിൽദാർ പുതുശ്ശേരി സെൻട്രൽ വില്ലേജ് ഓഫീസറോട് ഏരിയുടെ നിലവിലെ കൈവശക്കാരുടെയും, ഉടമസ്ഥരുടെയും പേരു വിവരങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുമുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായതിനു ശേഷം ഏരിയുടെ ഉടമസ്ഥാവകാശം |

| | | | |
|---|---|---|---|
| | | | ജലസേചന വകപ്പിന്റേതാണെന്ന് വ്യക്തമാകുന്ന പക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ